കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 22.10.2025 മുതൽ 26.10.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 42/2025, (84) ചൊവ്വാഴ്ച | തീയ്യതി 21/10/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 22.10.2025 | 23.10.2025 | 24.10.2025 | 25.10.2025 | 26.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 28 | 30 | 20 | 15 | 17 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 2 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 160 | 230 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 21 മുതൽ 25 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റിനു സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | പറിച്ച് നടീൽ | അന്തരീക്ഷ ആർദ്രത കൂടുതലായതിനാൽ നെല്ലിൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി ഞാറ് പറിച്ച് നടുമ്പോൾ സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നടാവുന്നതാണ്. പറിച്ചുനടുന്നതിന് മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | പരിചരണം | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിനുള്ള സമ്പൂർണ്ണ വളം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കാവുന്നതാണ്. |
| കവുങ്ങ് | ജൈവ വളപ്രയോഗം | ഒരു കൊല്ലം പ്രായമായ കവുങ്ങിൻ ചെടികൾക്ക് ചെടി ഒന്നിന് 12 കിലോഗ്രാം ജൈവ വളം ഇട്ടുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ (പയർ) | കരിവള്ളിക്കേട് | അന്തരീക്ഷ ആർദ്രത കൂടുതലായതിനാൽ പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ഗ്രാം കാർബെൻഡാസിം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |

മൃഗസംരക്ഷണം-: ഇടിമിന്നൽ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ മൃഗങ്ങളെ തുറസ്സായ സ്ഥലങ്ങളിൽ മേയാൻ അനുവദിക്കാതിരിക്കുക. കുരലടപ്പൻ, കുളമ്പു രോഗങ്ങൾ എന്നിവക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പെടുക്കുക. (CAADECCS, KVASU, Mannuthy)